**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 507** **13-08-2021 - ൽ മറുപടിയ്ക്ക്**

**ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ നടപടിക്കെതിരെ സംസ്ഥാനം എന്തെല്ലാം ആശങ്കകളാണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കോണമി കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങൾ പരിശോധിച്ചുവരുന്നു. സ്റ്റേക്ക്ഹോൾഡേഴ്സുമായി കൂടിക്കാഴ്ച നടത്തി അവരുടെ കാഴ്ചപ്പാടുകളും പരിഗണിച്ച് ഇതു സംബന്ധിച്ച ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |
| (ബി) | ബ്ലൂ ഇക്കോണമി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സംരക്ഷണമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ടൂറിസം വികസനം നടപ്പാക്കുമ്പോൾ തീരദേശ പരിസ്ഥിതി വികസന സമിതികൾ രൂപീകരിച്ച് മത്സ്യത്തൊഴി ലാളികൾക്ക് ഉപജീവനോപാധി അവസരം ഒരുക്കുന്ന തരത്തിലാവണം, ലോഗ് ഷീറ്റുകൾ വഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും നിർബന്ധിത ഡാറ്റ ശേഖരിക്കുന്നത് അപ്രായോഗിക മായതിനാൽ ഇത് നിർബന്ധ മാക്കാതിരിക്കുക, ചൂര, കണവ, കൂന്തൽ എന്നീ മീനുകളെ ആഴക്കടലിൽ നിന്ന് പിടിച്ചെടുക്കാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കു ന്നതിന് യോജ്യമായ ചൂണ്ട, വല, പ്രത്യേക സംവിധാനങ്ങളുള്ള ബോട്ടുകൾ എന്നിവ പരമ്പരാഗത മത്സ്യത്തൊഴിലാ ളികൾക്ക്/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നൽകുക, മാരിക്കൾച്ചർ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധി സംസ്ഥാനത്തിന്റെ territorial waters നു പുറത്തായി പരിമിതപ്പെടുത്തുക, മത്സ്യബന്ധന വികസനത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് വളരെയധികം പ്രാധാന്യമുള്ള ബെന്തിക് ജന്തുജാലങ്ങളും സസ്യജാലങ്ങളും നിറഞ്ഞ പ്രദേശങ്ങൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന മേഖലകൾക്കും പുറത്തു മാത്രമേ എക്സ്പ്ലൊറേഷനും |

| | | | |
|---|---|---|---|
| | | | ഖനനം പോലുള്ള പ്രവർത്തനങ്ങളും നടപ്പാക്കാവൂ, തീരദേശ സംരക്ഷണത്തിൽ മത്സ്യത്തൊഴി ലാളികളുടെ പങ്കാളിത്തത്തിന് മുൻഗണന നൽകുന്നുവെന്ന് ഉറപ്പാക്കുക, മത്സ്യത്തൊഴിലാളി സമൂഹം മത്സ്യബന്ധന വിഭവങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാകയാൽ അതിന്റെ സംരക്ഷണം ഉറപ്പ വരുത്തുന്നതിന് മത്സ്യത്തൊഴി ലാളികളുടെ പ്രാതിനിധ്യം എൻ.ബി.ഇ.സി എന്ന സുപ്രധാന ബോഡിയിൽ ഉറപ്പാക്കുക എന്നീ വ്യവസ്ഥകൾ കരട് നയത്തിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട്, മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണവും പാരിസ്ഥിതികാഘാതം തടയുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട പാരിസ്ഥിതികാഘാതം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ടൂറിസം വികസനം നടപ്പാക്കുമ്പോൾ തീരദേശ പരിസ്ഥിതി വികസന സമിതികൾ രൂപീകരിച്ച് മത്സ്യത്തൊഴി ലാളികൾക്ക് ഉപജീവനോപാധി അവസരം ഒരുക്കുന്ന തരത്തിലാവണം, ലോഗ് ഷീറ്റുകൾ വഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും നിർബന്ധിത ഡാറ്റ ശേഖരിക്കുന്നത് അപ്രായോഗിക മായതിനാൽ ഇത് നിർബന്ധ മാക്കാതിരിക്കുക, ചൂര, കണവ, കുന്തൽ എന്നീ മീനുകളെ ആഴക്കടലിൽ നിന്ന് പിടിച്ചെടുക്കാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കു ന്നതിന് യോജ്യമായ ചൂണ്ട, വല, പ്രത്യേക സംവിധാനങ്ങളുള്ള ബോട്ടുകൾ എന്നിവ പരമ്പരാഗത മത്സ്യത്തൊഴിലാ ളികൾക്ക്/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നൽകുക, മാരിക്കൾച്ചർ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധി സംസ്ഥാനത്തിന്റെ territorial waters ന പുറത്തായി പരിമിതപ്പെടുത്തുക, മത്സ്യബന്ധന വികസനത്തിന്റെ സുസ്ഥിരത ഉറപ്പവരുത്തുന്നതിന് വളരെയധികം പ്രാധാന്യമുള്ള ബെന്തിക് ജന്തുജാലങ്ങളും സസ്യജാലങ്ങളും നിറഞ്ഞ പ്രദേശങ്ങൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന മേഖലകൾക്കും പുറത്തു മാത്രമേ എക്സ്പ്ലോറേഷനും ഖനനം പോലുള്ള പ്രവർത്തനങ്ങളും നടപ്പാക്കാവൂ, തീരദേശ സംരക്ഷണത്തിൽ മത്സ്യത്തൊഴി ലാളികളുടെ പങ്കാളിത്തത്തിന് മുൻഗണന നൽകുന്നുവെന്ന് ഉറപ്പാക്കുക, മത്സ്യത്തൊഴിലാളി സമൂഹം മത്സ്യബന്ധന വിഭവങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാകയാൽ അതിന്റെ സംരക്ഷണം ഉറപ്പ വരുത്തുന്നതിന് മത്സ്യത്തൊഴി ലാളികളുടെ പ്രാതിനിധ്യം എൻ.ബി.ഇ.സി എന്ന |

| | | | |
|---|---|---|---|
| | | | സുപ്രധാന ബോഡിയിൽ ഉറപ്പാക്കുക എന്നീ വ്യവസ്ഥകൾ കരട് നയത്തിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട്, മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണവും പാരിസ്ഥിതികാഘാതം തടയുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ